കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ജീവനക്കാര്യം - ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിൽ സ്ഥലം മാറ്റം/സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത(സി)വകുപ്പ്

**സ.ഉ.(സാധാ) നം.4/2021/ഗതാഗതം** തീയതി,തിരുവനന്തപുരം, 02/01/2021

---

പരാമർശം:- 1 സ.ഉ (അച്ചടി)നമ്പർ.41/2020/ഗതാഗതം തീയതി.23.07.2020.

2 സ.ഉ (സാധാ)നമ്പർ.446/2020/ഗതാഗതം തീയതി.23.12.2020.

<u>ഉത്തരവ്</u>

മോട്ടോർ വാഹന വകുപ്പിൽ ചുവടെ പറയുന്ന സ്ഥലം മാറ്റം/ സ്ഥാനക്കയറ്റം ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു.

<u>ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ</u>

- കോട്ടയം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.റോയ് തോമസ് 31.12.2020-ൽ വിരമിച്ചതുമൂലം വന്ന ഒഴിവിലേക്ക് ചേർത്തല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.ഡി.ജയരാജിനെ മാറ്റി നിയമിക്കുന്നു.
- ചേർത്തല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.ഡി.ജയരാജിനെ കോട്ടയം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയി മാറ്റി നിയമിക്കുന്നതുമൂലം വരുന്ന ഒഴിവിലേക്ക് തൃശ്ശൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.ദിനേശ് ബാബു.കെ-യെ ടിയാന്റെ അപേക്ഷ പ്രകാരം മാറ്റി നിയമിക്കുന്നു.
- തൃശ്ശൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.ദിനേശ് ബാബു.കെ-യെ ചേർത്തല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയി മാറ്റി നിയമിക്കുന്ന ഒഴിവിലേക്ക് വെള്ളരിക്കുണ്ട് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീമതി.കെ.ഉഷയെ, ടിയാരിയുടെ അപേക്ഷ പ്രകാരം മാറ്റി നിയമിക്കുന്നു.
- പരാമർശം (2)ലെ ഉത്തരവിൻപ്രകാരം നന്മണ്ട ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.സി.വി.എം.ഷെരീഫിനെ കോഴിക്കോട് എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയി സ്ഥാനക്കയറ്റം നല്കിയതുമൂലം വന്ന ഒഴിവിലേക്ക് പരാമർശം (1) ലെ സെലക്ട് ലിസ്റ്റിലെ സീനിയർ മോസ്റ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ (എറണാകുളം, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്) ശ്രീ.ഇ.ജെ.ജോയ്സനെ, കെ.എസ്.& എസ്.എസ്.ആർ ഭാഗം II, ചട്ടം

28 (ബി) (ഐ) പ്രകാരം റെഗുലർ അടിസ്ഥാനത്തിൽ 40,500 - 85,000/- ശമ്പളസ്കെയിലിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജു പ്രഭാകർ**

**സെക്രട്ടറി**

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.നു
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി.എ.ക്കു